ഡിജിറ്റൽ മാസിക


SN Trust's H.S.S
Shadow
2018-19
little KITEs
KERALA INFRASTRUCTURE AND
TECHNOLOGY FOR EDUCATION
PRESENTS

കേരള സർക്കാർ



## സന്ദേശം

എസ്.എൻ.ട്രസ്റ്റ് ഹയർസെക്കന്ററി സ്കൂൾ 2018-19 അദ്ധ്യാനവർഷത്തിൽ 'ഷാഡോ'എന്ന പേരിൽ ഒരു ഡിജിറ്റൽ മാസിക പ്രസിദ്ധീക്കരിക്കുന്നു എന്നറിഞ്ഞതിൽ വളരെ സന്തോഷമുണ്ട്. പാഠ്യ-പാഠ്യേതര രംഗത്ത് വിദ്യാലയത്തിന് ആർജ്ജിക്കുവാൻ കഴിഞ്ഞിട്ടുള്ള നേട്ടങ്ങൾ രേഖപ്പെടുത്തുന്നതിനും വിദ്യാർത്ഥികളുടെയും അധ്യാപകരുടെയും കലാ-സാഹിത്യസൃഷ്ടികൾ പ്രകാശിപ്പിക്കുന്നതിന് സ്മരണിക വേദി ഒരുക്കുമെന്ന് പ്രതീക്ഷിക്കുന്നു.

ഈ ഉദ്യമത്തിന് എല്ലാവിധ ആശംസകളും നേരുന്നു.

സി . രവീന്ദ്രനാഥ്
വിദ്യാഭ്യാസ മന്ത്രി

---

ഹെഡ് മിസ്ട്രസ്
എസ് എൻ ട്രസ്റ്റ് ഹയർ സെക്കൻഡറി
സ്കൂൾ, കൊല്ലം -04742747578



ഹെഡ്മിസ്ട്രസ്
മിനിജ.ആർ. വിജയൻ



കൈറ്റ്മിസ്ട്രസ്
പ്രീത.പി.ആർ , രേഖ രാജ്



ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ

## എഡിറ്റോറിയൽ

ജീവൻ തുടിക്കുന്ന മണ്ണ്....
തുളുമ്പുന്ന ജലാശയങ്ങൾ ........
 മഞ്ഞുതുള്ളി...
നെൽപ്പാടങ്ങൾ
കിളികൾ,പൂമ്പാറ്റകൾ
പുലരിവെയിൽ ഉമ്മവെച്ചപ്പോൾ....
പൂത്തതടാകം...
ഇവയെക്കുറിച്ചെല്ലാം
കരുതലുള്ളവരായിരിക്കുമ്പോൾ
നമുക്കിടയിൽ
അതിരുകൾ ഇല്ലാതാകുന്നു
പ്രളയാന്തര കേരളത്തിനായ്
നവ കേരളസൃഷ്ടിക്കായ് നമുക്ക് ഒത്തൊരുമിച്ച് മുന്നേറാം...

ഈ ഡിജിറ്റൽ മാഗസിൻ യാഥാർത്ഥ്യമാക്കിയ
എസ് എൻ ട്രസ്റ്റ് സ്ക്രൂളിലെ എല്ലാ ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾക്കും
ഞങ്ങൾക്ക് മാർഗ്ഗനിർദ്ദേശങ്ങൾ നല്കിയ പ്രിത.പി.ആർ ടീച്ചറിനും രേഖ രാജ്
ടീച്ചറിനും നന്ദി!

ആരതി.എം.എൻ
 - എഡിറ്റർ.



ഡിജിറ്റൽ മാസിക

**ഉള്ളടക്കം**


| | |
|---|---|
| ഒരു നല്ല ചങ്ങാതി | 5 |
| അഭിമുഖം | 7 |
| സ്വപ്നം കഥ | 9 |
| സ്നേഹതീർത്ഥമായ് | 10 |
| എന്റെ മുത്തശ്ശി | 11 |
| കുഞ്ഞിക്കുരുവി | 12 |
| മായാജാലം | 13 |
| കഥ | 14 |
| വിദ്യ എന്ന രണ്ടക്ഷരം | 15 |
| കൃഷ്ണ മൃഗം (കരിമാൻ) | 16 |
| who is the father? | 17 |
| Exploring the Universe | 18 |
| ശകവർഷമാസങ്ങൾ | 26 |
| പഴഞ്ചൊല്ലുകൾ | 28 |

# ഒരു നല്ല ചങ്ങാതി

ഇന്നത്തെ വിദ്യാലയങ്ങളിൽ നടന്നു വരുന്ന ഒരു സംഭവമാണിത്. ഈ വിദ്യാലയത്തിൽ പഠിക്കുന്ന ശരത്താണ് പ്രധാന കഥാപാത്രം. ശരത്തിന്റേത് ഒരു ചെറിയ കുടുംബമാണ്. അച്ഛനും, അമ്മയും, ശരത്തുമടങ്ങുന്ന ഒരു ചെറിയ കുടുംബം.
അമ്മ ഒരു ക്യാൻസർ രോഗിയാണ്,അച്ഛനും ഒരു രോഗിയാണ്. കുടുംബത്തെ പോറ്റാൻ അവൻ തന്നെ കഷ്ടപ്പെടണം. അവൻ പഠിക്കുന്നതും, അച്ഛനെയും അമ്മയെയും നോക്കുന്നതും സ്വന്തമായി പണിയെടുത്ത് കിട്ടുന്ന വരുമാനം കൊണ്ടാണ്. അവൻ എന്നും കൃത്യ സമയനത്ത് തന്നെ സ്ക്രൂളിലേത്തും. അവന്റെ ക്ലാസിലെ മൂന്നാല് വിദ്യാർത്ഥികൾ താമസിച്ചാണ് സ്ക്രൂളിൽ വരാറുള്ളത്. ഒരു ദിവസം ഇവർ ബാക്ക് ബെഞ്ചിലിരുന്ന് എന്തോ ഒന്ന് മൂക്കിലേക്ക് വലിച്ചുകേറ്റുന്നത് ശരത്തിന്റെ ശ്രദ്ധയിൽപ്പെട്ടു.ഈ കാര്യം ക്ലാസിലുള്ള മറ്റുകുട്ടികൾക്കുമറിയാം. ആരും ശ്രദ്ധിക്കാറില്ല. ശരത്തിന്റെ അദ്ധ്യാപകൻ അവനെ  പല കാര്യങ്ങളിലും സഹായിക്കാറുണ്ട്. ആ വിദ്യാർത്ഥികളുടെ കാര്യം അവൻ അദ്ധ്യാപകനോട് പറഞ്ഞു. അപ്പോൾ അദ്ധ്യാപകൻ പറഞ്ഞു നീ അതിൽ ശ്രദ്ധിക്കാതെ പഠിത്തത്തിൽ മാത്രം ശ്രദ്ധിച്ച് മുന്നോട്ട് പോവുക.എന്നും വൈകുന്നേരം സ്ക്രൂൾ കഴിഞ്ഞാൽ വീട്ടിൽ പോയി ഡ്രസ് മാറി അവൻ ജോലിക്ക് പോകും.  അവന്റെ ജോലി ചെരുപ്പു തയ്ക്കലും ഷൂ പോളിഷുമാണ്. ഒരു ദിവസം അവന്റെ കടയിൽ ഒരാൾ വന്നിട്ടു ചോദിച്ചു എന്റെ ഷൂ ഒന്ന് പോളിഷ് ചെയ്തു തരുമോ. അവൻ അത് നന്നായിട്ട് തന്നെ പൂർത്തിയാക്കി. എന്നാൽ അദ്ദേഹം അത് സമ്മതിച്ചില്ല. പൈസതന്നിട്ടല്ലേ നിന്നെകൊണ്ട് ജോലി ചെയ്യിക്കുന്നത്. അപ്പോൾ അത് നന്നായി പൂർത്തിയാക്കിക്കൂടെഎന്ന് അദ്ദേഹം ചോദിച്ചു.ഞാനെന്റെ ജോലി നന്നായിട്ടാണ് ചെയ്തത്. അദ്ദേഹം ഒരു നീണ്ടശേഷം മടങ്ങിപ്പോയി.പിറ്റേന്ന് അവൻ സ്ക്രൂളിൽ ചെന്നപ്പോൾ എല്ലാവരും അവനെ കളിയാക്കി.എന്ചാ കാര്യമെന്ന് ചോദിച്ചപ്പോൾ അവർ അവന്റെ ജോലിയെ പറ്റി പറഞ്ഞ് വീണ്ടും

കളിയാക്കി. അപ്പോൾ അതിലൊരു കുട്ടി പറഞ്ഞു ഇന്നലെ ഷൂ പോളിഷ് ചെയ്യാൻ വന്നത് ഇവന്റെ ചേട്ടനാണ്. ആ ദിവസം അവന് ക്ലാസിൽ ശ്രദ്ധിക്കാനായില്ല. സ്ക്രൂൾ വിട്ടപ്പോൾ അദ്ധ്യാപകൻ അവനോട് ചോദിച്ചു എന്താണ്
പ്രശ്നം അവൻ കാര്യം പറഞ്ഞു.അപ്പോൾ അദ്ധ്യാപകൻ പറഞ്ഞു താൻ വിഷമിക്കേണ്ട തന്റെ അച്ഛനും, അമ്മയ്ക്കും വേണ്ടിയല്ലേ താൻ കഷ്ടപ്പെടുന്നത്.
തനിക്കെന്ത് പ്രശ്നം ഉണ്ടെങ്കിലും എന്നോട് പറയാം. അങ്ങനെ അവർ സ്കീളിൽ നിന്നും പുറത്തിറങ്ങിയപ്പോൾ തന്റെ സുഹൃത്തുക്കൾ ലഹരി ഉപയോഗിക്കുന്നത് കണ്ട ശരത്ത് അവരെ പറഞ്ഞ് മനസ്സിലാക്കാൻ നോക്കി. എന്നാൽ അത് മനസ്സിലാക്കാതെ സുഹൃത്തുക്കൾ അവന് നേരെ കൈ ഉയർത്തി. അപ്പോൾ അവമ് മനസ്സിലായി ഇവർ ലഹരിയുടെ അടിമകളായെന്നും പറഞ്ഞിട്ടും കാര്യമിലെന്നും .മടങ്ങിപ്പോവാൻ പോയ അവനെ അവർ തിരികെ വിളിച്ചിട്ട്  ഒരു സാധനം അവന് കൊടുത്തു.അപ്പോൾ അവൻ പറഞ്ഞു എന്റെ സുഹൃത്തുക്കൾ എനിക്കാദ്യമായിസമ്മാനിച്ചത് ഒരു ബീഡിക്കുറ്റി.ഇതോടെ ശരത്തൊരു തീരുമാനമെടുത്തു.ലഹരി ഉപയോഗം ഒരിക്കലും പ്രോത്സാഹിപ്പിക്കരുത്.  എന്ത് വില കൊടുത്തിട്ടായാലും ഞാൻ എന്റെ സുഹൃത്തുക്കളെ നേരേ വഴിക്ക്  കൊണ്ട് വരും. അങ്ങനെ ശരത്തിന്റേയും അദ്ധ്യാപകരുടെയും നിരന്തരമായ സ്നേഹോപദേശങ്ങൾക്ക് മുന്നിൽ അവർക്ക് കീഴടങ്ങേണ്ടിവന്നു. അങ്ങനെ അവർ ലഹരിയിൽനിന്നും മുക്തരായി. നല്ലൊരു ചങ്ങാതി ഉണ്ടേങ്കിൽ ഏത് ദുശീലമുള്ള സുഹൃത്തിനെയും നേർവഴിക്ക് കൊണ്ട്വരാൻ ഇതാണ് ഈ കഥയിലൂടെ ഞാൻ നിങ്ങൾക്ക് നൽകുന്ന സന്ദേശം.



VENI .B.S
8A

# അഭിമുഖം

2015–ലെ എഴുത്തച്ഛൻ പുരസ്കാര ജേതാവായ ഡോ.പുതുശ്ശേരിരാമചന്ദ്രൻ.അദ്ദേഹത്തെ കാണാൻ ഒരു അവസരം ലഭിച്ചു. അദ്ദേഹത്തെ കണ്ടു അദ്ദേഹവുമായി നടത്തിയ അഭിമുഖമാണ് ഞാൻ ഇവിടെ എഴുതുന്നത്.

ഞാൻ : നമസ്കാരം സാർ.
രാമചന്ദ്രൻ :നമസ്കാരം കുട്ടിയുടെ പേരേന്താ? എത്രാം ക്ലാസിൽ പഠിക്കുന്നു
ഞാൻ :അതുല്യ, അഞ്ചാം ക്ലാസിൽ പഠിക്കുന്നു.
രാമചന്ദ്രൻ :അതുല്യയ്ക്ക് എന്താ ചോദിക്കാനുള്ളത്.
ഞാൻ :ഒരുപാട് കാര്യങ്ങളുണ്ട് പക്ഷേ സമയം പരിമിതാമാണ്. അതിനാൽ ചെറിയചെറിയ കാര്യങ്ങൾ മാത്രം ചോദിക്കാം.
രാമചന്ദ്രൻ :ഉം ചോദിക്കു.
ഞാൻ :സാറിനാണ്, ഈ വർഷത്തേ എഴുത്തച്ഛൻ പുരസ്കാരം ലഭിച്ചതെന്നറി– ഞ്ഞപ്പോൾ ഉണ്ടായ സന്തോഷംഒന്ന് പങ്കുവെയ്ക്കുമോ.
രാമചന്ദ്രൻ : അത് പറയാൻ വലിയ ബുദ്ധിമുട്ടാണ് കാരണം എനിക്കാണെന്നറി– ഞ്ഞപ്പോൾ വലിയ സന്തോഷം തോന്നി.
ഞാൻ :സാറിന്റെ ഗ്രാമീണ ഗായകൻ എന്ന കവിത രചിക്കാൻ ഉണ്ടായ സാഹചര്യം
രാമചന്ദ്രൻ :അത് ചുറ്റുപാടും പഠിപ്പിച്ച ഒരോ കാര്യങ്ങളിൽ നിന്നും ഞാൻ എന്റേ– തായ ഭാവനയിൽ രച്ചിച്ചതാണ്.
ഞാൻ :സമയം പരിമിതമാണ്പക്ഷേ ഈ ചോദ്യത്തോടു കൂടിഅവസാനിപ്പി– ക്കാം. വീട്ടിൽ നിന്നും സാറിന് ലഭിച്ച പ്രോത്സഹനത്തിന് ഈ അവാർഡുമായി നല്ല ബന്ധമുണ്ടെന്ന്. വീട്ടിൽ നിന്നും സാറിനെ നന്നായി പ്രോത്സാഹിപ്പിച്ചതാരാണ്.

രാമചന്ദ്രൻ :അങ്ങനെ ചോദിച്ചാൽ എല്ലാവരും നല്ല പ്രോത്സാഹനമാണ്.

ഞാൻ :വളരെ നന്ദി സാർ സാറിന്റെ വിലയുള്ള ഈ സമയം എന്റെ ചോദ്യത്തിന് ഉത്തരം നൽകിയതിൽ. സാർ ഒരു ചോദ്യം കൂടി. എസ്. എൻ കോളേജ് പ്രഫസയറായി സാർ സേവനമനുഷ്ഠിച്ചിട്ടുണ്ട ല്ലോ നമ്മുടെ കൊല്ലത്തുള്ള കുട്ടികളെക്കുറിച്ചുള്ള അഭിപ്രായം.

രാമചന്ദ്രൻ :മിടുക്കരായ കുട്ടികളാണ്. നളെ ഇവർ ഇന്ത്യയുടെ വലിയവലിയ ആളുകളാകും അത്ര കഴിവുള്ളവരാണ്.

ഞാൻ :നന്ദിയുണ്ട് ഇത്രയും ചോദിച്ച് നിർത്തുന്നു നന്ദി നമസ്കാരം.

ATHULYA .C
8A



# സ്വപ്നം കഥ

ഒരു മനോഹരമായ ഗ്രാമപ്രദേശം. വിശാലമായി കിടക്കുന്ന നെൽപ്പാടം. അതിന്റെ കുറച്ചകലേ മനോഹരമായ കുളം തൊട്ടപുറത്തായി ഒരു വീട്. അത് നമ്മുടെ നായികയുടെ വീട്. പെട്ടെന്ന് ആരോ വിളിച്ച് പറയുന്നു മീരേയിറങ്ങിവാ വേഗം അകത്ത് നിന്നും കൈനിറയെ കുപ്പിവള, പിന്നിയിട്ടിരിക്കുന്ന കാർകൂന്തൽ,
കാലിൽ കൊലുസ്, വെളുത്ത പെൺകുട്ടി കണ്ണിൽ കരിയെഴുതി വലിയ കറുത്ത വട്ടപൊട്ടുമിട്ട് അവൾ അകത്തു നിന്നും ഇറങ്ങി വന്ന് ഉറക്കെ പറഞ്ഞു ഒന്ന് നിൽക്ക് പൂപറിക്കാൻ പോയിട്ട് വരാം അനു ഞാനും വരാം അല്ലെങ്കിൽ നീ ഇന്നൊന്നും വരില്ല. കാണുന്ന പൂന്തോട്ടം മുഴുവൻ കയറിയിറങ്ങും. അങ്ങനെ പറയല്ലേ ഇന്ന്
പൂരത്തിനുള്ള കൊടിക്കൂറ കയറുമല്ലോ അതിനാൽ വായിക്കാതെ ഞാൻ വരാം.
അനു വേണ്ട ഞാനും വരാം അതുവരെ ഇവിടിരുന്ന് മുഷിയാൻ എനിക്ക് വയ്യ
ഉം വാ. ആട്ടെ എവിടെപ്പോയി പൂവറുക്കും അത് കഴിഞ്ഞ് വേഗം മാലകെട്ടി ക്ഷേത്രത്തിൽ കൊടുക്കണം വേഗമാകട്ടെ അനു വെപ്രാളപ്പെട്ടു.എന്തിനാ ഇങ്ങനെ ധൃതികുട്ടുന്നേ അനു അല്ലങ്കിൽ കൊടിയേറിയാലും നമ്മൾ അവിടെയെത്തില്ല. മീര കൗതുകത്തോടെ ചോദിച്ചു അമ്മ പറഞ്ഞു ചാന്തും വളയും മാലയുമൊക്കെ വാങ്ങിത്തരാമെന്ന് അനു സന്തോഷത്തോടെ പറഞ്ഞു. നീ നല്ല വളയും മാലയും വാങ്ങണേ മീര പറഞ്ഞു. നല്ലതല്ലാതെ അഴിക്കസാധാനം വാങ്ങാൻ പറ്റുമോ? കാശുകൊടുത്തല്ലേ വാങ്ങുന്നത്. അനു പറഞ്ഞു വല്ല്യമ്മ പറയാറുണ്ട് സമയം പാഴാക്കുമ്പോൾ നമ്മൾ അതിനൊത്ത് നല്ലത് മാത്രമേ ചെയ്യുവാനും വാങ്ങുവാനും
പ്രവർത്തിക്കാനും കഴിയുമെന്ന് . മീര പറഞ്ഞു പൂപറിച്ച് പോകുമ്പോൾ നമ്മുക്ക് നന്ദുവിനെ കൂടി ക്ഷേത്രത്തിലേക്ക് കൂട്ടാം അവളുണ്ടേൽ ഒരു പ്രത്യേക സുഖമാ.
അതുശരിയാണ്.മീര തന്റെ കുപ്പിവള അണിഞ്ഞ കൈയിമെല്ലേ പുൽ

തകിടിയിലേക്ക് മെല്ലെയിറക്കി തുമ്പപ്പൂവ് പറിച്ചു.അനു പറഞ്ഞു പുല്ലുകൾക്കിടയിൽ ഇഴജന്തുകൾ വസിക്കുന്നുണ്ട് എന്ന് നമ്മൾ പഠിച്ചിട്ടില്ലേ.
ഓ അങ്ങനെയോന്നും ഉണ്ടാക്കില്ല.ധൈര്യത്തോടൂ കൂടി മീര ഉത്തരം നൽകി .
വാ പെട്ടെന്ന് പുവും കൊണ്ട് നന്ദുവിന്റെ വീട്ടിൽപോകാം. നന്ദുവിന്റെ അമ്മാമ്മ മാലകെട്ടിതരും. അനു മീരയോടു ചോദിച്ചു നിന്റെ കൈയിൽ പൈസയുണ്ടോ മീരഉണ്ടന്ന് മറുപടി നൽകി. മീര എന്തിനാ .നന്ദുവിന്റെ വീട്ടിൽ പോകും വഴി ജനുവിന്റെ അച്ഛന്റെ കട അവിടെ നല്ല മിഠായികളും നെല്ലികയും ഒക്കെ കാണും.
ഒന്ന് അടങ്ങ് പെണ്ണേ നന്ദുവും കൂടി വരട്ടെ ക്ഷേത്രത്തിൽ നിന്നിറങ്ങിയിട്ട് നമ്മുക്ക് വാങ്ങി കഴിക്കാം. സന്തോഷത്തോടെ അനു അങ്ങനെ മതി എങ്ങനായാലും വാങ്ങിച്ച് തന്നാൽ മതി. നന്ദുവിന്റെ വീട്ടിലെത്തി മീരയും അനുവിനെയും കണ്ട ആഹ്ലാദത്തിൽ നന്ദു ചീരേ, ന്യൂഡിൽസേ എന്നു വിളിച്ച് ഓടി അനുവിനാകേ ചമലായി വേണ്ട എനിക്ക് ഇഷ്ടമല്ല വട്ടപേര് വിളിക്കന്നത്. ദേഷ്യത്തോടെ അനു നന്ദുവിനെ പോടി നെത്തോലി. നന്ദു കേക്കാത്തപാട് ചിരിച്ചുകൊണ്ട് മാലയുമായി ക്ഷേത്രത്തിൽ ചെന്ന് ദർശനം കഴിഞ്ഞ് അവർ മിഠായും, വളയും,ഐസും, വാങ്ങി സന്തോഷത്തോടെ പൂരത്തിന് കൊടി കയറുന്നത് കാണാൻ ആൽതറയ്ക്ക് മുകളിൽ കയറി അവിടെ വെച്ച് ജനയെയും,
ശ്രീക്കുട്ടിയെയും,ദേവുവിനെയും കണ്ട് അനുവും മീരയും നന്ദുവും സന്തോഷം കൊണ്ട് തുള്ളിചാടി.

ഇത് എന്റെ ജീവീതത്തിൽ നടന്ന ഒരു **സൗഹൃദബന്ധമാണ്.** ഇന്ന്
ഇത് വെറും സ്വപ്നം മാത്രമായി ഞങ്ങളുടെ ഓരോരുത്തരുടേയും മനസ്സിൽ മായത
പതിഞ്ഞ ഓർമ്മ. എന്നും സൗഹൃദം ഒരുപോലെ നിലനിൽക്കും ഞങ്ങളുടെ
ഓരോരുത്തരുടെയും മനസ്സിൽ.



ATHULYA.C

8A

# സ്നേഹതീർത്ഥമായ്

നീറുന്നോരോർമ്മയിൽ നോവുന്ന മാനസം
മനസ്സിൻ മുറിപ്പാടിനാശ്വാസ വർഷമായ്....
സ്നേഹസുമങ്ങൾ ചൊരിഞ്ഞീടുവാനായി
ആശ്വാസമല്പം ഏകുവാനായി
ആരോരുമില്ലെന്നോർത്തോരു
തേങ്ങലിന്നൊടുവിലായ്...
എന്നരികിൽ വന്നതെൻ യേശു മാത്രം
തുറന്നുപിടിച്ച കരങ്ങളുമായി
എന്നരികിൽ വന്നതെൻ യേശുമാത്രം
ഇനിയുമെൻ ജന്മം ധന്യമായിത്തീർന്നിടും
ഇനിയുമെൻ ജീവിതം സഫലമായ് ത്തീർന്നിടും.

VISHNUDARSH
9A



# എന്റെ മുത്തശ്ശി

എന്റെ സ്വപ്നങ്ങളിൽ
സുര്യരശ്മികളേറ്റുണരുന്ന
പ്രഭാതങ്ങളുണ്ട്.
ദുരെ മലമുകളിൽ
മെല്ലെ  താഴ് ന്നിറങ്ങുന്ന
ചുവന്ന സൂര്യനുണ്ട്.
പതിയെ വന്നെത്തുന്ന.
എന്നെ കൺചിമ്മി  നോക്കുന്ന
കൊച്ചു നക്ഷത്രങ്ങളുണ്ട്.
വിരുന്നുകാരായെത്തുന്ന
മിന്നാമിനുങ്ങുകളുണ്ട്.
ഞാൻ തിരിച്ചെത്തുവോളം
എന്റെ സ്വപ്നങ്ങളെല്ലാം
കാത്തുസൂക്ഷിക്കാനവിടെ
എന്റെ മുത്തശ്ശിയുണ്ട്.

SAIDALI. N
9A



# കുഞ്ഞിക്കുരുവി

കുരുവീ കുഞ്ഞിക്കുരുവീ
നിന്നെക്കണ്ടിട്ടെത്ര നാളായി.
പാട്ടും പാടി കൂട്ടുംകൂടി
പോകുവതെങ്ങോട്ട്
കുരുവീ കുരുവീ വാ കുരുവീ
മാവിൻകൊമ്പിലിരുന്നാട്ടെ
മാവിൻകൊമ്പിൽ കൂട്ടുകൂട്ടി
മാമ്പഴമുണ്ട് വസിച്ചാട്ടെ.





Raja
9A

# മഴവില്ല്



മഴവില്ലേ എൻ മഴവില്ലേ
മായരുതേ നീ മായരുതേ
സപ്ത നിറങ്ങൾ ചാലിച്ച
ചന്തമെഴുന്നൊരു വില്ലല്ലേ.
തെളിഞ്ഞ വാനിൽ അഴകല്ലേ
ജാലകണികകളിൽ പ്രഭയല്ലേ
കാണാൻ നല്ലൊരു ചേലല്ലേ
മിഴികൾക്കുണർവേകും മഴവില്ലേ
ഹൃത്തിന് കുളിരേകും മഴവില്ലേ
മായരുതേ നീ മായരുതേ
ഞങ്ങൾക്കു കൗതുകമല്ലേ നീ.

AADHILBASHEER
9A



# മായാജാലം

ഏകാന്തമായൊരു പാത. ചുറ്റും ഇരുട്ട്. ഞാൻ നടന്നുകൊണ്ടിരിക്കുകയാണ്. എവിടേക്കു പോകുന്നു,എന്തിനു പോകുന്നു എന്നതിനെക്കുറിച്ച് എനിക്കൊരു നിശ്ചയവുമില്ല. നടന്നു നീങ്ങുംതോറും ഇരുട്ടിന്റെ കാഠിന്യം വർദ്ധിച്ചുവരുന്നു. കുറേ കഴിഞ്ഞപ്പോൾ ഞാൻ ഒരു മനോഹരമായ സ്ഥലം കണ്ടു. ഇത്ര ഭയാനകമായൊരു വഴി മനോഹരമായ സ്ഥലത്തേക്ക് എന്നെ നയിക്കുമെന്ന് ഞാൻ ചിന്തിച്ചതേയില്ല. ഹരിതസസ്യങ്ങൾ പടർന്നു പന്തലിച്ചുകിടക്കുന്നു. പാതകളാൽ നിറഞ്ഞ ആ പ്രദേശം ഒരു മായാലോകമാണെന്ന് എനിക്കു തോന്നി. അതിന്റെ മനോഹാരിത ഞാൻ ആസ്വദിച്ചുകൊണ്ടേയിരുന്നു. ഇത്ര നല്ലൊരു അനുഭൂതിയിൽ ഞാൻ എന്നെത്തന്നെ ണറനേനപോയി. അങ്ങനെ ഒരു ഭംഗി ഞാൻ പ്രകൃതിയിൽ ഇതുവരെ  ദർശിച്ചിട്ടുണ്ടായിരുന്നില്ല. അപ്രതീക്ഷിതമായി ആ സ്ഥലത്തെ എല്ലാ കഴ്ചകളും മാഞ്ഞുപോയി. പിന്നെയും അന്ധകാരം എല്ലായിടത്തും പടർന്നു. എങ്ങനെ ഇതു സംഭവിച്ചുവെന്ന് എനിക്കു മനസ്സിലായതേയില്ല. വല്ലത്തൊരു  അവസ്ഥയിലായിരുന്നു ഞാൻ. “മോനേ, എഴുന്നേല്ക്ക്.”ഞാൻ ഞെട്ടിയുണർന്നു. അമ്മ എന്റെ അടുത്തുണ്ടായിരുന്നു. അതൊരു സ്വപ്നമായിരുന്നു എന്ന് എനിക്കു മനസ്സിലായി. അമ്മയോടു ഞാൻ എന്റെ സ്വപ്നം വിവരിച്ചു. ഈ  സ്വപ്നത്തിന്റെ അർത്ഥമറിയാൻ ഞാൻ അത്യധികം ആഗ്രഹിച്ചു. അത് അമ്മയോട് ആവശ്യപ്പെടുകയും ചെയ്തു. അമ്മ പറഞ്ഞു "ഈ ലോകത്തിലെ പല വസ്തുക്കളും നമ്മെ ആകർഷിച്ചിരിക്കും. എന്നാൽ അവയിൽ പലതും ഒരു ഗുണവും ഇല്ലാത്തതായിരിക്കും. സൗന്ദര്യവും പ്രൗഢിയും എല്ലാം നിമിഷംകൊണ്ട് നഷ്ടപ്പെടും. ഈ ലോകത്തിൽ കാണുന്നതൊന്നും ശാശ്വതമല്ല. അവയിൽ അന്ധമായി വിശ്വസിക്കരുത്.




ADHITHYAN UNNI
9A

# കഥ

ഒരിടത്ത് ഒരിടത്ത് ഒരു ആൺകുട്ടിയും ഒരു അന്ധനായ ഒരു മനുഷ്യനമുണ്ടായിരുന്നു. ഒരു തിങ്കളാഴ്ച്ച ദിവസം ആ ആൺകുട്ടി സ്കൂളിൽ പോകാനായി റോഡിൽ നിൽക്കുകയായിരുന്നു. അപ്പോൾ ഒരു അന്ധനായ മനുഷ്യൻ റോഡിന്റെ അപ്പുറം കടക്കാനായി നിൽക്കുയായിരുന്നു.അത് ആ കുട്ടിയുടെ കണ്ണിൽപ്പെട്ടു. അപ്പോൾ ആകുട്ടി പെട്ടെന്ന് ചെന്നു അന്ധനായ മനുഷ്യന്റെ കൈയിൽ പിടിച്ച് റോഡിന്റെ അപ്പുറത്തേക്ക് ആ കുട്ടി കടത്തി വിട്ടു. ആ മനുഷ്യന് വളരെ സന്തോഷം തോന്നി. അദ്ദേഹത്തിന് ആ കുട്ടിയെക്കുറിച്ച് അഭിമാനം തോന്നി. അദ്ദേഹം ആ കുട്ടിയോട്  പറഞ്ഞു"മോൻ നല്ല കുട്ടിയായി വളരും.” നല്ല മനസ്സിന്റെ ഉടമയായി മാറും. എന്ന് ആ മനുഷ്യൻ ആ കുട്ടയോട് പറഞ്ഞു.ആ കുട്ടിക്ക് വളരെ സന്തോഷമായി. അവർ മടങ്ങിപ്പോയി. വളരെ സമയം താമസിച്ചാണ് ആ കുട്ടി സ്കൂളിൽ വന്നത്.ആ കുട്ടിയോട് ടീച്ചർ ചോദിച്ചു. എന്തുകൊണ്ടാണ് നീ താമസിച്ചത്. അവൻ പറഞ്ഞു ടീച്ചർ ഞാൻ ഇന്ന് സ്കൂളിലേക്ക് വരുന്ന വഴിയിൽ ഞാൻ  ഒരു അന്ധനായ ഒരു ണനുഷ്യനെ കണ്ടു. അദ്ദേഹം റോഡ് കടക്കാനായി നിൽക്കുകയായിരുന്നു. ഞാൻ പെട്ടെന്ന്ചെന്ന് അദ്ദേഹത്തിന്റെ കൈയ്യിൽ പിടിച്ച് അദ്ദേഹത്തെ  റോഡ് കടത്തിവിട്ടു. അതുകൊണ്ടാണ് ഞാൻ സ്കൂളിൽ വരാൻ താമസിച്ചത്. ടീച്ചർ അവനോട് പറഞ്ഞു നീ ചെയ്തത് ഒരു നല്ല പ്രവൃത്തി തന്നെയാണ്. ടീച്ചർ ആ സ്കൂളിന്റെ പേരിലുള്ള അഭിനന്ദനം അവന്റെ പേരിൽ അർപ്പിച്ചു. ഇതാണ് ഒരു സ്നേഹത്തിന്റെ കഥ.

_നന്ദി

SIDDIQUE
8A



# വിദ്യ എന്ന രണ്ടക്ഷരം

വിദ്യാഭ്യാസയോഗ്യതകളെക്കുറിച്ചു മാത്രമല്ല, ഔപചാരികവും അനൗപചാരികവുമായ വിദ്യാഭ്യാസത്തെക്കുറിച്ചും എനിക്ക് പറയാനുണ്ട്. നമുക്കിന് ഒരുപാട്ടുകാര്യങ്ങളെക്കുറിച്ച് അറിവുണ്ട്. പക്ഷേ ഒന്നിനെക്കുറിച്ചും യഥാർത്ഥ ജ്ഞാനമില്ല. അറിവിനെ വിവേകപൂർവ്വം വിനിയോഗിച്ചാൽ അത് ജ്ഞാനത്തിലേക്കും ആത്യന്തിക വിജയത്തിലേക്കും നയിക്കും. അറിവു പകർന്നു തരുന്ന ആളുകളുടെ പങ്ക് പരമപ്രധാനമാണ്. വിദ്യാഭ്യാസം എങ്ങനെ ഒരു മെച്ചപ്പെട്ട ജീവിതമാർഗ്ഗം ഉണ്ടാക്കാമെന്ന് പഠിക്കുന്നതോടൊപ്പം എങ്ങനെ മാതൃകാപരമായി ജീവിക്കാം എന്നുകൂടി പഠിപ്പിക്കേണ്ടിയിരിക്കുന്നു.വിദ്യ ലഭിക്കുന്നത് സ്കൂളിൽനിന്നും കോളേജുകളിൽനിന്നും മാത്രമാണ് എന്നുള്ള ധാരണ തിരുത്തേണ്ടതുണ്ട്. വിദ്യാഭ്യാസസ്ഥാപനങ്ങളിൽനിന്നും കുറെ വസ്തുവിവരങ്ങൾ നമുക്ക് ലഭിക്കുന്നുണ്ട്. ഇത് വിദ്യാഭ്യസത്തിന്റെ ഒരു ഭാഗമേ ആകുന്നുള്ളൂ. ബുദ്ധിപരമായ ശിക്ഷണം ഹൃദയത്തെയും സ്വാധീനിക്കുന്നു. മാനസികപരിവർത്തനത്തിന് ഉതകുന്ന ശിക്ഷണമാണ് അഭികാമ്യം. ജോലിസ്ഥലത്തും കുടുംബത്തിലും പൊതുവെ സമൂഹത്തിലും സ്വഭാവഗുണം വളർത്തിയെടുക്കണമെങ്കിൽ സദാചരത്തിലും ധർമ്മനീതിയിലും അധിഷ്ഠിതമായ സാക്ഷരതനേടേണ്ടിയിരുന്നു. സത്യസന്ധത, ദയ, ധൈര്യം സ്ഥിരോത്സവം, ഉത്തരവാദിത്ത്വബോധം എന്നീ ഗുണങ്ങൾ പ്രധാനംചെയ്യുന്ന ശിക്ഷണരീതി അത്യന്താപേക്ഷിതമാണ്. മികച്ച വിദ്യാഭ്യാസ യോഗ്യതകളോടൊപ്പം,മൂല്യാധിഷ്ഠിത ശിക്ഷണം ലഭിച്ച വ്യക്തി, മികച്ച വിദ്യാഭ്യാസ യോഗ്യതയുള്ള മൂല്യബോധമില്ലാത്ത വ്യക്തിയേക്കാൾ ജീവിതവിജയം നേടുന്നു.

ഗുരുവിന്റെ സ്വാധീനം അനശ്വരമാണ്.



ALTHAF.A
9A



# കൃഷ്ണ മൃഗം (കരിമാൻ)

ഇന്ത്യയിൽ കാണപ്പെടുന്ന ഒരു മാനാണ് കൃഷ്ണമൃഗം അഥവാ കരിമാൻ.ആൺമാനുകളുടെ ശരീരത്തിന്റെ മുകൾഭാഗത്ത് താഴെ വെള്ളനിറമാണ്.പിരിഞ്ഞ കൊമ്പുകളുമുണ്ട് പെൺമാനുകൾക്ക് ശരീരത്തിന്റെ മുകൾ ഭാഗത്ത് മഞ്ഞനിറമാണ്. പുൽമേട്ടുകളിലാണ് ഇവ കാണപ്പെടുന്നത്. നല്ല കാഴ്ചശക്തിയും കേൾവിശക്തിയുമുണ്ട് കൃഷ്ണമൃഗത്തിന്. ഇവർ നല്ല ഓട്ടക്കാരാണ്. വളരെ വേഗത്തിൽ ഓടിയാണ് വേട്ടക്കാരിൽ നിന്ന് രക്ഷപെടുന്നത്.



KIRAN .R
9A

# Who Is The Father?

| | | |
|---|---|---|
| Genetics | - | Gregor Mendal |
| Modern Biology | - | Aristotle |
| Hydrogen Bomb | - | Otto Hahn |
| Periodic Table Of Element | - | Dmitri Mendeleev |
| Indian's Missile Technology | - | Dr. A.P. J. AbdulKalam |
| Photography | - | S.H. Sharp |
| Automobile | - | Gottlieb Doimler |
| Steam Engine | - | James Watt |
| Cybernetics | - | Norbert Wiener |
| Colour Photography | - | Gabriel Lipman |
| Radio Astronomy | - | Karl Jansky |
| Modern Mathematics | - | Rene Descartes |
| Computer Aided Design | - | T. F. Sutherland |
| Modern Computers | - | Charles Babbage |
| Geometry | - | Euclid |
| Heart Transplantation | - | Chritian Bernard |
| Red Cross | - | Henri Dunant |
| Physiology | - | Thales |
| Brain Surgery | - | Harvey Cushing |
| Homeopathy | - | Samuel Hahnemann |
| Microbiology | - | Louis Pasteur |
| Osteotherapy | - | Andrew Taylor Still |
| Immunology | - | Enil Von Behring |
| Space Science | - | Konstontine Tsialvoksy |

SHAHID SALMAN.S
9A



# EXPLORING THE UNIVERSE





The First 10 Planetary moons to be discovered

| | Moon | Planet | Year |
|---|---|---|---|
| 1. | Moon | Earth | Ancient |
| 2. | 10 | Jupiter | 1610 |
| 3. | Europa | Jupiter | 1610 |
| 4. | Ganymede | Jupiter | 1610 |
| 5. | Callisto | Jupiter | 1610 |
| 6. | Titan | Saturn | 1655 |
| 7. | Lapetus | Saturn | 1671 |
| 8. | Rhea | Saturn | 1672 |
| 9. | Tethys | Saturn | 1684 |
| 10. | Dione | Saturn | 1684 |



AADHIL SHIBANI
9A




JAYAJITH .J

8A


ഡിജിറ്റൽ മാസിക



JAYAJITH .J
8A



<u>ഡിജിറ്റൽ മാസിക</u>



SANIYA THRESSIA

8A

ഡിജിറ്റൽ മാസിക





AXA ANN THOMAS
10.D

S. N. TRUST. H s s

ഡിജിറ്റൽ മാസിക



AXA ANN THOMAS



S. N. TRUST. H s s

10.D

## ശകവർഷമാസങ്ങൾ

ചൈത്രം

വൈശാഖം

ജ്യേഷ്ഠം

ആഷാഢം

ശ്രാവണം

ഭാദ്രപദം

ആശ്വിനം

കാർത്തികം

അഗ്രഹായനം (മാർഗശീർഷം)

പൗഷം

മാഘം

ഫാൽഗുനം

Aswathy . L
9C



# പഴഞ്ചൊല്ലുകൾ

പഴം ചൊല്ലിൽ പതിരില്ല
നിത്യാഭ്യാസി ആനയെ എടുക്കും
ആറ്റിൽ കളഞ്ഞാലും അളന്ന് കളയണം
അല്പന് അർത്ഥംകിട്ടിയാൽ അർദ്ധരാത്രി കുട പിടിക്കും
അടിതെറ്റിയാൽ ആനയും വീഴും
നാളെ നാളെ നീളെ നീളെ
കരയുന്ന കുഞ്ഞിനേ പാലുള്ളു
ഒത്തു പിടിച്ചാൽ മലയും പോരും
കാക്ക കുളിച്ചാൽ കൊക്കാകുമോ
പയ്യെ തിന്നാൽ പനയും തിന്നാം
കൈ നനയാതെ മീൻ പിടിക്കുക

# കടപ്പാട്

ഈ ഡിജിറ്റൽ  മാഗസിൻ യാഥാർത്ഥ്യമാക്കിയ എസ് എൻ ട്രസ്റ്റ് ഹയർ സെക്കണ്ടറി സ്കൂളിലെ എല്ലാ ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾക്കും, ഞങ്ങൾക്ക് മാർഗ്ഗനിർദേശങ്ങൾ നല്കിയ പ്രീത ടീച്ചർക്കും രേഖ ടീച്ചർക്കും നന്ദി!

ആരഭി.എം.എൻ

-എഡിറ്റർ

